# അറിയാത്ത വഴിയിൽ

അറിയാത്ത വഴിയിൽ വിമൂകമീ രാവിൽ
തിരയുന്നു നിന്നെ ഞാൻ വിസ്മയത്തോടെ.

നനവാർന്നൊരീ വെള്ളമണലിൽ ഞാൻ നഗ്ന-
പദമൂന്നി മന്ദം നടക്കുന്ന നേരം

മിഴിനീരു പോലെയീ മഞ്ഞുനീർത്തുള്ളി
പുലരിയിൽ, പൊട്ടിത്തകരുന്ന നേരം

ഒരു രാജ്ഞമല്ലി തൻ ചിത്രങ്ങളെഴുതും
നിഴലുകളീ വഴി നീളുന്ന നേരം

തിരയുന്നു ഞാൻ നിന്നെ വിസ്മയത്തോടെ
അരികിലീ വഴികളിലത്ഭുതത്തോടെ.

> മഴവില്ലുകളേന്തിയ വർഷമേഘങ്ങൾ
> മഴപെയ്യുവാൻ വന്നു നില്ക്കുന്ന നേരം
>
> തല തല്ലിയാർത്തു ചിരിച്ചു വന്നെത്തും
> തിരകളീത്തീരത്തെ പുൽകുന്ന നേരം
>
> അകലത്തിലൊരു കൊച്ചു താരക മെല്ലെ
> മിഴി ചിമ്മിയിങ്ങോട്ടു നോക്കുന്ന നേരം
>
> തിരയുന്നു ഞാൻ നിന്നെ വിസ്മയത്തോടെ
> അകലെയാവഴികളിലത്ഭുതത്തോടെ.

മലവാക പൂക്കുന്ന താഴ്‌വര ചിത്ര-
ശലഭങ്ങൾ കാണുവാനെത്തുന്ന നേരം

ദൂരെ, മുളകാടു മൂളുന്നൊരീണം
ഓളങ്ങളേറ്റിങ്ങു പാടുന്ന നേരം

നീലക്കടമ്പിൻെറ കൊമ്പുകൾ താളം
തെറ്റാതെ തലയാട്ടി നിൽക്കുന്ന നേരം

തിരയുന്നു ഞാൻ നിന്നെ വിസ്മയത്തോടെ
അരികിലുമകലെയുമത്ഭുതത്തോടെ.

സന്ധ്യകൾ സിന്ദൂരം ചാർത്തുന്ന നേരം
ചന്ദ്രിക ചന്ദനം പൂശുന്ന നേരം

തളിരുകൾ മഞ്ഞിൽക്കുളിക്കുന്ന നേരം
മലരുകൾ പൊട്ടിവിരിയുന്ന നേരം

വിജനതീരങ്ങളിൽ, ചുഴലികളിൽ,
തിരയുറങ്ങുന്ന കടലുകളിൽ,

ഇരുളും നിഴലുമിടകലരും
വഴികളിലിനീലരാവുകളിൽ

അലയുന്നു ഞാനീയനന്തതയിൽ
പൊരുളറിയാത്ത നിഗൂഢതയിൽ.